**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2254** **21-06-2024 - ൽ മറുപടിയ്ക്ക്**

**റേഷൻ വിതരണ നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | സമൂഹത്തിലെ ഏറ്റവും പാവപ്പെട്ട ജനവിഭാഗങ്ങൾക്ക് അർഹതപ്പെട്ട ഭക്ഷ്യധാന്യങ്ങൾ മറ്റുള്ളവർ അനർഹമായി കൈപ്പറ്റുന്ന സാഹചര്യം ഒഴിവാക്കി അർഹരായ ജനവിഭാഗങ്ങൾക്ക് ഭക്ഷ്യധാന്യങ്ങൾ ഉറപ്പാക്കുന്നതിനായി എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ; | (എ) | അനർഹരെ പൂർണ്ണമായും ഒഴിവാക്കുന്നതിനും അവരുടെ സ്വയം ഒഴിവാകൽ നടപടികൾ പ്രോത്സാഹിപ്പിക്കുന്നതിനുമായി അനർഹമായി കൈവശം വച്ചിട്ടുള്ള മുൻഗണനാ റേഷൻ കാർഡുകൾ പിഴ കൂടാതെ സറണ്ടർ ചെയ്യുന്നതിന് 16.06.2021 മുതൽ 15.07.2021 വരെ സമയം അനുവദിച്ചിരുന്നു. അനർഹമായ മുൻഗണനാ കാർഡുകൾ സ്വമേധയാ സറണ്ടർ ചെയ്യുവാൻ അഭ്യർത്ഥിച്ചുകൊണ്ടുള്ള നോട്ടീസ് എല്ലാ റേഷൻ ഡിപ്പോകളിലും പ്രദർശിപ്പിക്കുകയും അനർഹമായി മുൻഗണനാ കാർഡുകൾ കൈവശം വച്ചിരിക്കുന്നവരെ കണ്ടെത്തുന്നതിനും അപ്രകാരമുള്ളവരുടെ വിവരങ്ങൾ അറിയിക്കുന്നതിനും മാധ്യമ പ്രചാരണം നടത്തി വരികയും ചെയ്യുന്നു.<br><br>പി.ഡി.എസ്. കൺട്രോൾ ഓർഡർ 2015 ക്ലോസ് 13 പ്രകാരം മുൻഗണനാ പട്ടികയുടെ ശുദ്ധീകരണം തുടർ പ്രക്രിയയാണ്. നേരിട്ടും ടെലിഫോൺ പരാതി സെല്ലിലൂടെയും ലഭിക്കുന്ന പരാതികളിൻമേൽ ബന്ധപ്പെട്ട താലൂക്ക് സപ്ലൈ/സിറ്റി റേഷനിംഗ് ഓഫീസർമാരും, റേഷനിംഗ് ഇൻസ്പെക്ടർമാരും ഫീൽഡ്തല പരിശോധന നടത്തി അനർഹമായി മുൻഗണനാ കാർഡുകൾ കൈവശം വച്ചിരിക്കുന്നവരെ കണ്ടെത്തി ദുരുപയോഗം ചെയ്ത റേഷൻ സാധനങ്ങളുടെ കമ്പോളവില പിഴയായി ഈടാക്കി കാർഡുകൾ പൊതുവിഭാഗത്തിലേയ്ക്ക് മാറ്റി വരുന്നു.<br><br>ഇതര വകുപ്പുകളുടെ ഡാറ്റയുമായി ആർ.സി.എം.എസ്. ഡാറ്റ വിശകലനം ചെയ്തും ബയോമെട്രിക് ഓതന്റിക്കേഷൻ വഴിയും ഒരംഗം മാത്രമുള്ള കാർഡുകളും ആധാർ ലിങ്ക് ചെയ്യാത്ത മുൻഗണനാ കാർഡുകളും പരിശോധനയ്ക്ക് വിധേയമാക്കിയും അനർഹരെ കണ്ടെത്തി പട്ടികയിൽ |

| | | | |
|---|---|---|---|
| | | | നിന്നും ഒഴിവാക്കി അർഹരായവർക്ക് അവസരമുറപ്പാക്കുന്ന നടപടികൾ തുടർന്ന് വരുന്നു.<br><br>മുൻഗണനാ വിഭാഗത്തിലെ കൂടുതൽ അനർഹരെ കണ്ടെത്തുന്നതിലേക്കായി OPERATION YELLOW എന്ന പേരിൽ ഒരു പരിശോധനാ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ടി പദ്ധതി പ്രകാരം പൊതു ജനങ്ങൾക്ക് അനർഹമായി മുൻഗണനാ റേഷൻ കാർഡുകൾ കൈവശം വയ്ക്കുന്നവരുടെ പേര് വിവരങ്ങൾ അറിയിക്കുവാൻ അവസരം നൽകിയിട്ടുണ്ട്. ആയതിലേക്ക് 1987, ടോൾ ഫ്രീ (1800-425-1550), വാട്സ് ആപ്പ് (9188527301) നമ്പരുകൾ പ്രയോജനപ്പെടുത്താവുന്നതാണ്. |
| (ബി) | മുൻഗണന വിഭാഗത്തിൽ ഉൾപ്പെടുത്തുന്നതിനായി പരിഗണനയിലുള്ള അപേക്ഷകളുടെ എണ്ണം ജില്ല തിരിച്ച് അറിയിക്കാമോ; | (ബി) | നാളിതുവരെ ലഭ്യമായ എല്ലാ അപേക്ഷകളിന്മേലും പരിശോധന നടത്തി അർഹതയുടെ അടിസ്ഥാനത്തിൽ ഒഴിവുകൾക്ക് അനുസൃതമായി മുൻഗണനാ കാർഡ് നൽകി വരുന്നു. ഓൺലൈൻ മുഖേന ലഭ്യമാകുന്ന അപേക്ഷകൾ സൂക്ഷ്മപരിശോധനയ്ക്ക് വിധേയമാക്കിയും ആവശ്യമെങ്കിൽ ഫീൽഡ് പരിശോധന നടത്തിയും മുപ്പതോ അതിലധികമോ മാർക്ക് ലഭിക്കുന്നവരെ മാർക്കിന്റെ അടിസ്ഥാനത്തിൽ സപ്ലിമെന്ററി പട്ടികയിൽ ഉൾപ്പെടുത്തി മുൻഗണനാ പട്ടിക തയ്യാറാക്കുകയും ഓരോ താലൂക്കിനുമുള്ള ഒഴിവുകൾ അലോട്ട് ചെയ്യുന്ന മുറയ്ക്ക് റാങ്ക് ലിസ്റ്റിലെ സീനിയോറിറ്റി പ്രകാരം കാർഡുകൾ സമയബന്ധിതമായി മുൻഗണനയിലേക്ക് തരം മാറ്റി നൽകുകയുമാണ് ചെയ്തു വരുന്നത്. ജില്ല തിരിച്ച് വിവരം ശേഖരിക്കാറില്ല. |
| (സി) | സംസ്ഥാനത്തെ അതിഥി തൊഴിലാളികൾക്ക് പൊതു വിതരണ സമ്പ്രദായത്തിലൂടെ ഭക്ഷ്യധാന്യങ്ങൾ നേരിട്ട് നൽകുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ നടപടി സ്വീകരിക്കുമോ; | (സി) | സംസ്ഥാനത്ത് നിലവിലുള്ള അന്യസംസ്ഥാന തൊഴിലാളികൾക്ക് - One Nation One Ration Card (ONRC) പദ്ധതി പ്രകാരം റേഷൻ ഭക്ഷ്യധാന്യം നൽകുന്നതുമായി ബന്ധപ്പെട്ട്, ആധാർ കാർഡോ റേഷൻ കാർഡോ ഇല്ലാത്തവർ, ആധാർ കാർഡുണ്ടെങ്കിലും റേഷൻ കാർഡ് ഇല്ലാത്തവർ, ആധാർ കാർഡുള്ളവരും സ്വന്തം സംസ്ഥാനത്ത് റേഷൻ കാർഡുള്ളവർ എന്നിങ്ങനെ മൂന്നു വിഭാഗമായി തിരിച്ച് അവർക്ക് റേഷൻ കാർഡ് ലഭ്യമാക്കി Ration Rights Card (RRC)നല്കി വരുന്നു. |
| (ഡി) | ഭക്ഷ്യ കിറ്റുകൾ വിതരണം ചെയ്ത ഇനത്തിൽ റേഷൻ വ്യാപാരികൾക്ക് നൽകാനുള്ള കമ്മീഷൻ പൂർണമായും വിതരണം ചെയ്തുകഴിഞ്ഞോയെന്ന് വിശദമാക്കാമോ? | (ഡി) | കോവിഡ് 19 ന്റെ പശ്ചാത്തലത്തിൽ സംസ്ഥാനത്തെ റേഷൻ കാർഡ് ഉടമകൾക്ക് 2020 മുതൽ 2021 വരെ റേഷൻ കടകൾ വഴി സൗജന്യ അതിജീവന കിറ്റുകൾ വിതരണം നടത്തിയതിന് റേഷൻ വ്യാപാരികൾക്ക് 3 തവണകളായി കമ്മീഷൻ നൽകിയിരുന്നു. 2020 ഏപ്രിൽ, മേയ് മാസങ്ങളിലെ |

| | | | |
|---|---|---|---|
| | | | കിറ്റ് വിതരണത്തിന് ഒരു കിറ്റിനു 7/- രൂപ നിരക്കിലും 2020 ആഗസ്റ്റ്, സെപ്റ്റംബർ, 2021 മേയ് എന്നീ മാസങ്ങളിൽ ഒരു കിറ്റിനു 5/- രൂപ നിരക്കിലുമാണ് കമ്മീഷൻ വിതരണം നടത്തിയത്.<br><br>എന്നാൽ കിറ്റ് വിതരണം ചെയ്ത ശേഷിക്കുന്ന മാസത്തേക്കും കൂടി കമ്മീഷൻ നൽകണമെന്ന് റേഷൻ വ്യാപാരികൾ ആവശ്യപ്പെട്ടിരുന്നു. പ്രതിസന്ധി നേരിട്ടിരുന്ന പൊതുജനങ്ങൾക്ക് ആശ്വാസമായാണ് അതിജീവന കിറ്റ് വിതരണം നടത്തിയതിനാൽ കമ്മീഷൻ നൽകുന്നത് നയപരമായ തീരുമാന മാണെന്നുള്ള സർക്കാർ നിലപാടിനെതിരെ 6 റേഷൻ വ്യാപാരികൾ ഹൈക്കോടതിയെ സമീപിക്കുകയും കമ്മിഷൻ കുടിശ്ശിക അനുവദിക്കാൻ ഉത്തരവായതിനെത്തുടർന്ന് ടി റേഷൻ വ്യാപാരികൾക്ക് കമ്മീഷൻ അനുവദിക്കുകയും ചെയ്തിരുന്നു. കിറ്റ് വിതരണത്തിന്റെ കമ്മീഷൻ തുക ആവശ്യപ്പെട്ട് 27 ഹർജികളിലായി 6576 റേഷൻ വ്യാപാരികൾ കേസ് നൽകിയിട്ടുള്ളതനുസരിച്ച് ടി ഹർജിക്കാർക്ക് നൽകേണ്ട കമ്മീഷൻ തുകയുടെ വിവരം ജില്ലകളിൽ നിന്നും ക്രോഡീകരിച്ച് പരിശോധിച്ച് വരുന്നു. നിലവിൽ കോടതി വിധി വന്നിട്ടുള്ള 13 കേസിലെ ഹർജിക്കാർക്ക് നൽകാനുള്ള തുകയുടെ വിശദാംശങ്ങൾ ജില്ലകളിൽ നിന്നും ശേഖരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ